പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :639 29.11. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യുടെ കടബാദ്ധ്യത

ചോദ്യം

ശ്രീ.കെ.ജെ.മാക്സി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പ്രളയ ദുരന്തത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. യുടെ നഷ്ടം എത്ര കോടി രൂപയാണ്; ആയതിൽ ഭൗതിക നഷ്ടം, ഉത്പാദന നഷ്ടം എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) പ്രളയവും കാലാവർഷക്കെടുതിയും മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം ഭൗതിക നഷ്ടം വൈദ്യുത ഉല്പാദനമേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും, പ്രസരണമേഖലയിൽ 29.77 കോടി രൂപ നഷ്ടവും വിതരണമേഖലയിൽ 242.45 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ.എസ്.ഇ. ബി -യ്ക്ക് വന്നിട്ടുണ്ട്.<br><br>**വൈദ്യുതി ഉൽപാദന രംഗം**<br><br>കെ.എസ്.ഇ.ബി-യുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽകുത്ത് പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും, വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ, തുടങ്ങി 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം ഇതുമൂലം KSEBക്ക് ഉണ്ടായതായി കണക്കാക്കുന്നു.<br><br>**പ്രസരണ രംഗം**<br><br>പ്രളയക്കെടുതികളെ തുടർന്ന് കേരളത്തി- ലങ്ങോളമിങ്ങോളം 50 സബ് സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കുത്തുങ്കൽ-നേരിയമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലഴി, മാടക്കത്തറ-കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം |

| | |
|---|---|
| | തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണ രംഗത്ത് ഉണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 29.77 കോടി രൂപ ചിലവു വരുമെന്ന് കണക്കാക്കുന്നു.<br><br>**വിതരണരംഗം**<br><br>പ്രളയം പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ ഏഴ് ജില്ലകളിലെ വൈദ്യുത വിതരണം താറുമാറാക്കി. മുന്നൂറിൽപരം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപരം ട്രാൻസ്ഫോമറുകൾ അപകട സാധ്യത മുന്നിൽക്കണ്ടുകൊണ്ട് താൽകാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം തടസപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 km വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടി വന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരുലക്ഷത്തിൽപരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് ഇതും വരുംദിവസങ്ങളിൽ മാറ്റി സ്ഥാപിക്കേണ്ടി വരും. ഉദ്ദേശം മൂന്നു ലക്ഷം സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകളും അമ്പതിനായിരത്തിൽ പരം ത്രീഫേസ് വൈദ്യുത മീറ്ററുകളും പ്രളയത്തെ തുടർന്ന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഏകദേശം മൂന്നു ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ശരിയാംവിധം പുനസ്ഥാപിക്കാൻ ഇ.എൽ.സി.ബി പുതുതായി സ്ഥാപിക്കേണ്ടിവരും. പ്രാഥമിക കണക്കുകൾ പ്രകാരം കെഎസ്ഇബിയുടെ കീഴിലുള്ള വൈദ്യുത വിതരണരംഗം പ്രളയ-പൂർവസ്ഥിതിയിൽ ആക്കുന്നതിനു 242.45 കോടി രൂപ ചിലവ് വരും എന്ന് പ്രതീക്ഷിക്കുന്നു.<br><br>ഇതിനുപുറമേ പ്രളയത്തെ തുടർന്ന് കെഎസ്ഇബിയുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾ നീക്കി പൂർവസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു. |
| (ബി)ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.-ബി.യുടെ കടബാധ്യത എത്രയായിരുന്നു; ആയത് നിലവിൽ എത്ര കോടി രൂപയാണ്; | (ബി)2015-16 സാമ്പത്തികവർഷത്തിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ കടബാധ്യത 5925.43 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ കണക്കു പ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ കടബാധ്യത 7432.83 കോടി രൂപയാണ്. |

(സി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി.യ്ക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്; ആയത് 2015-16-ൽ എത്രയായിരുന്നു; അറിയിക്കാമോ;

(സി) 30-09-2018-ൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ള കണക്ക് പ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് കുടിശ്ശിക ഇനത്തിൽ 30-09-2018-ൽ 2580.33 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 31-03-2016-ൽ വിവിധ ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടാനുള്ള തുക 1796.63 കോടി രൂപയായിരുന്നു.

(ഡി) ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, വൻകിട കച്ചവട സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവർ അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വിവിധ വകുപ്പുകൾ ചുവടെ ചേർക്കുന്നു.

**31-03-2016**

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 129.96 കോടി |
| 2 | കേരള വാട്ടർ അതോറിറ്റി<br>പൊതുമേഖലാ സ്ഥാപനങ്ങൾ | 963.67 കോടി |
| 3 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 0.36 കോടി |
| 4 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 40.10 കോടി |
| 5 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 4.59 കോടി |
| 6 | സ്വകാര്യ മേഖല സ്ഥാപനങ്ങൾ | 657.95 കോടി |
| | **ആകെ** | **1796.63 കോടി** |

**30-09-2018**

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 94.83 കോടി |
| 2 | കേരള വാട്ടർ അതോറിറ്റി<br>പൊതുമേഖലാ സ്ഥാപനങ്ങൾ | 1503.84 കോടി |
| 3 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 1.53 കോടി |
| 4 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 36.41 കോടി |
| 5 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 4.39 കോടി |
| 6 | സ്വകാര്യ മേഖല സ്ഥാപനങ്ങൾ | 939.33 കോടി |
| | **ആകെ** | **2580.33 കോടി** |

(ഇ) നിലവിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ കോടതികളിൽ എത്ര കേസ്സുകൾ ഉണ്ട്; ആയത് എത്ര തുകയുടെതെന്നും

(ഇ) 31.10.2018 തീയതിയിലെ കണക്കുകൾ പ്രകാരം, ബഹുമാനപ്പെട്ട സുപ്രീം കോടതി, ഹൈക്കോടതി, കീഴ്ക്കോടതികൾ, ഫോറങ്ങൾ എന്നിവയിൽ 4832 കേസ്സുകൾ നിലനിൽക്കുന്നു. ഈ ഇനത്തിൽ 491.40 കോടി രൂപ ഉൾപ്പെടുന്നു.

| | |
|---|---|
| വ്യക്തമാക്കുമോ;<br><br>(എഫ്) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കാനും കഴിഞ്ഞ സർക്കാർ ഈ ഇനത്തിൽ നൽകിയ സ്റ്റേകൾ പിൻവലിക്കാനും കോടതി കേസ്സുകൾ യഥാവിധി കൈ-കാര്യം ചെയ്ത് തീർപ്പുണ്ടാക്കാനും എന്ത് സത്വര നടപടികൾ സ്വീകരിച്ച വരുന്നുവെന്ന് വ്യക്തമാക്കുമോ ? | (എ)ഫ്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരവും അദാലത്തുകൾ മുഖേനയും കോടതി വ്യവഹാരത്തിൽ ഉൾ പ്പെട്ടിരിക്കുന്ന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഇത്തരത്തിൽ തീർപ്പാക്കാത്ത വ്യവഹാരങ്ങളിൽ കോടതി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ